LIBRARY ARCHIVES Kerala Legislative Assembly

ഗുരുവായൂരിൽനിന്ന് വടക്കോട്ട് റെയിൽ പാത

73 (T 2566) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂർ നിന്ന് വടക്കോട്ടുള്ള റെയിൽ പാതയ്ക്കായി സ്ഥലം ഏറ്റെടുക്കുന്ന പദ്ധതി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) സംസ്ഥാന സർക്കാർ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ ;

(സി) കേന്ദ്ര സർക്കാർ ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) നിർദ്ദിഷ്ട ഗുരുവായൂർ-തിരുനാവായ റെയിൽവെ ലൈൻ നിർമ്മാണത്തിനുവേണ്ടി കുന്നംകുളം വഴിയുള്ള അലൈൻമെന്റ് പരിഗണിച്ച് വിശദമായ സർവ്വേ നടത്തുന്നതിന് റയിൽവേ അനുമതി നൽകിയിട്ടുണ്ട്. ലൊക്കേഷൻ സർവ്വേ പൂർത്തിയാകുന്നമുറയ്ക്ക് സർവ്വേ നടപടികൾ ആരംഭിക്കുന്നതാണ്.

(ബി) സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുവേണ്ടി റെയിൽവെ ഇതേവരെ അർത്ഥന നൽകിയിട്ടില്ല.

(സി) 2015-16 ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സ്മാർട്ട് വില്ലേജ്

74 (2567) ശ്രീ. ഷാഫി. പറമ്പിൽ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്മാർട്ട് വില്ലേജ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽനിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് "സ്മാർട്ട്" റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽനിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത് എവിടെവച്ചും (Any time any where) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഇ - ഗവേണൻസ്, എം-ഗവേണൻസ് എന്നിവയെ പരമാവധി ആശ്രയിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) സ്മാർട്ട് വില്ലേജ് പദ്ധതി നടത്തിപ്പിനായി ആദ്യഘട്ടമായി 14 വില്ലേജ് ഓഫീസുകളെ നവീകരിച്ച് സ്മാർട്ട് വില്ലേജ് ഓഫീസുകളായി മാറ്റുന്നതിന് തീരുമാനിക്കുകയും ആയതിൽ 13 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തുകയും മലപ്പുറം ജില്ലയിലെ അമരമ്പലം വില്ലേജ് ഓഫീസിന്റെ നിർമ്മാണം ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും ചെയ്തു.

പ്രസ്തുത വില്ലേജുകളുടെ നിർമ്മാണത്തിന് ആകെ ഒരു കോടി അറുപത് ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും മേൽ തുക വിനിയോഗിച്ചുകൊണ്ട് 14 ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള വില്ലേജുകളുടെ നവീകരണം കണ്ണൂർ ജില്ലയിലൊഴികെ പൂർത്തിയായിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ നവീകരണ പ്രവർത്തനം ഏകദേശം 90 ശതമാനം പൂർത്തിയായിട്ടുണ്ട്.

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ പുതിയ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണത്തിനായി 3.29 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതും തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, പാലക്കാട്, വയനാട്, കണ്ണൂർ തുടങ്ങി 8 ജില്ലകളിലായി 11 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതുമാണ്. പ്രസ്തുത വില്ലേജ് ഓഫീസുകളിൽ 10 എണ്ണം പ്ലാൻ ഫണ്ടിൽനിന്നും ഒരെണ്ണം എം.എൽ.എ. ഫണ്ടിൽ നിന്നുമുള്ള തുക വിനിയോഗിച്ചുകൊണ്ട് അതാത് ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേനയാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സ്മാർട്ട് വില്ലേജ് പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, തുടങ്ങി 5 ജില്ലകളിലായി 8 വില്ലേജാഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് മാതൃകയിൽ നിർമ്മിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളതാണ്. പ്രസ്തുത വില്ലേജാഫീസുകളുടെ നിർമ്മാണത്തിന് 2.56 കോടി രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്.

മണ്ണെടുപ്പുമൂലമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ

75 (2568) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടനിർമ്മാണത്തിന് മണ്ണെടുക്കുന്നതിനുള്ള പാരിസ്ഥിതികാനുമതിക്ക് ഇളവ് നൽകിയിട്ടുണ്ടോ ;

(ബി) ഇത്തരം നടപടിമൂലമുണ്ടാകുന്ന പാരിസ്ഥിതികാഘാതത്തെകുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) പാരിസ്ഥിതികാനുമതിക്ക് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വ്യക്തിഗത ഗൃഹനിർമ്മാണത്തിനുമാത്രം മണ്ണെടുക്കുന്നതിന് പാരിസ്ഥിതികാനുമതി ഒഴിവാക്കിക്കൊണ്ട് പരിസ്ഥിതിവകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നെങ്കിലും sl G.O. (Ms) No. 12/14/Envt dated 15-11-2014 ഉത്തരവ് ദേശീയ ഹരിത ട്രൈബ്യൂണൽ സ്റ്റേ ചെയ്യുകയും മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി നിർബന്ധമാക്കുകയും ചെയ്തു.

(ബി) ഇല്ല.

(സി) മണ്ണെടുക്കുന്നതിന് മുൻകൂർ പാരിസ്ഥിതികാനുമതി വേണമെന്ന നിബന്ധനയിൻമേൽ വ്യാപകമായ പരാതി ഉയർന്നതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly